**ലോക്ക് ഡൗൺ കാലത്തു  മത്സ്യക്കൃഷിയിൽ നൂറുമേനി വിളവെടുത്ത് പട്ടികവർഗ മേഖലയിലെ കുടുംബശ്രീ വനിതകൾ**

ലോക്ക് ഡൗൺ കാലത്തു മത്സ്യക്കൃഷിയിൽ നൂറുമേനി വിളവെടുത്തു പട്ടികവർഗ മേഖലയിലെ കുടുംബശ്രീ വനിതകൾ. എറണാകുളം ജില്ലയിൽ കുട്ടമ്പുഴ പഞ്ചായത്തിലെ പട്ടികവർഗ വിഭാഗത്തിലെ മുപ്പത് വനിതകൾ ചേർന്നാണ് മത്സ്യക്കൃഷിയിൽ വിജയം കൈവരിച്ചു കുടുംബത്തിന് താങ്ങായത്.

കുടുംബശ്രീ ജില്ലാമിഷന്റെ കീഴിൽ കഴിഞ്ഞ വർഷം ജൂലൈയിൽ ആരംഭിച്ചതാണ് പദ്ധതി. ജില്ലയുടെ തനതു പദ്ധതി എന്ന നില്াണ് പട്ടികവർഗ മേഖലയിൽ മത്സ്യക്കൃഷി പദ്ധതി ആരംഭിച്ചത്. ഈ മേഖലയിലെ കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് തൊഴിലും വരുമാനവും ഒരുക്കുന്നതിന്റെ ഭാഗമായാണ് മത്സ്യക്കൃഷി  തുടങ്ങിയത്. ലോക്ക് ഡൗൺ കാലത്തു മറ്റു വരുമാന മാർഗങ്ങൾ ഒന്നുമില്ലാതിരുന്ന പട്ടികവർഗ കുടുംബങ്ങൾക്ക്  മത്സ്യക്കൃഷി ആദായകരമായി നടത്താൻ സാധിച്ചത് തികച്ചും അനുഗ്രഹമായി മാറുകയായിരുന്നു.

ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികവർഗ വിഭാഗക്കാർ താമസിക്കുന്ന പഞ്ചായത്താണ് കുട്ടമ്പുഴ. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളാണ് ഇവിടെയുള്ള കുടുംബശ്രീ വനിതകളിൽ ഏറെയും.  മിന്നു, പൊന്നൂസ്, ജീവ, കരി, സമന്വയ, നക്ഷത്ര എന്നീ കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പിലെ അംഗങ്ങളായ വനിതകളാണ് മത്സ്യക്കൃഷിയുമായി രംഗത്തിറങ്ങിയത്. പദ്ധതിയുടെ ഭാഗമായി  പിണവൂർക്കുടി, വെള്ളാരംകുത്തു എന്നീ കോളനികളിലായി ആറു കുളങ്ങളെ മത്സ്യക്കൃഷിക്കായി ഇവർ

തയ്യാറാക്കിയത്. കൃഷി ചെയ്യാൻ ആവശ്യമായ കുളം കുഴിച്ചതും അവിടേക്കു അടുത്തുള്ള അരുവിയിൽ നിന്നും വെള്ളം എത്തിച്ചതുമെല്ലാം കുടുംബശ്രീ വനിതകൾ തന്നെയാണ്. ഒരു കുളം ഒഴികെ ബാക്കിയെല്ലാം വനിതകൾ സ്വയം കുഴിക്കുകയായിരുന്നു. പ്ലാസ്റ്റിക് പടുത കുളത്തിന്റെ അടിയിൽ വിരിച്ചു അതിൽ വെള്ളം നിറച്ചു കൊണ്ടാണ് ഇവർ കൃഷി ചെയ്തത്. എല്ലാ കുളങ്ങളിലേക്കും അരുവിയിൽ നിന്നും ഹോസ് ഉപയോഗിച്ച് വെള്ളം നിറ്ാനും കുളത്തിൽ നിന്നും പുറത്തേക്കു വെള്ളം ഒഴുക്കി വിടാനുള്ള സംവിധാനങ്ങളും സ്ത്രീകൾ തന്നെയാണ് ഒരുക്കിയത്. തിലോപ്പിയാ മത്സ്യക്കുഞ്ഞുങ്ങളെയാണ് വളർത്താൻ ഉപയോഗിച്ചത്. ഫാമുകൾ വഴി മീൻകുഞ്ഞുങ്ങളെ നൽകിയത് കുടുംബശ്രീ ജില്ലാമിഷനാണ്.

ആറു മാസമായപ്പോൾ  വിളവെടുപ്പിനു പാകമായിരുന്നെങ്കിലും കുറച്ചു നാൾ കൂടി നീട്ടി വയ്ക്കുകയായിരുന്നു.ഇത് ലോക്ക് ഡൗൺ കാലത്തു കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വിളവെടുപ്പ് നടത്താൻ സഹായകമായി. കർഷകരായ വനിതകൾ തന്നെയാണ് കുളത്തിൽ നിന്നും മീൻ പിടിച്ചു ആവശ്യക്കാർക്ക് വിൽക്കുന്നതും. മീൻ വാങ്ങാൻ ആളുകൾ എത്തുന്ന മുറയ്ക്ക് അപ്പോൾ തന്നെ കുളത്തിൽ നിന്നും കോരുവല ഉപയോഗിച്ച് പിടിക്കുകയാണ് ചെയ്യുന്നത്. കിലോയ്ക്ക് 250 രൂപ്ാണ് ഇവർ മൽസ്യം വിൽക്കുന്നത്. ശുദ്ധജലത്തിൽ വളരുന്ന മൽസ്യമായതു കൊണ്ട് നിരവധി ആവശ്യക്കാർ എത്തുന്നുന്നുണ്ട്. ഇത് വരെ മൂന്ന് കുളങ്ങളിലെ മൽസ്യം വിറ്റഴിച്ചതിലൂടെ അരലക്ഷം രൂപ യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള മൂന്ന് കുളങ്ങളിലെ മൽസ്യം കൂടി വിപണനം നടത്തുന്നതോടെ അംഗങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കും. പ്രാദേശികമായി തന്നെ ആവശ്യക്കാർ ഏറെ എത്തുന്നതിനാൽ വിപണനവുമായി ബന്ധപ്പെട്ട് പ്രയാസങ്ങൾ നേരിടുന്നില്ല എന്നതും നേട്ടമാണ്.

ലോക്ക് ഡൗൺ നിലനിൽക്കുന്നതിനാൽ സാമൂഹിക അകലം പാലിച്ചു കൊണ്ടായിരുന്നു മീൻ വിൽപ്പന. കൃഷി ആദായകരമാണെന്നു കണ്ടതോടെ ഇനിയും മത്സ്യക്കൃഷി രംഗത്ത് സജീവമായി തുടരാനാണ് ഇവരുടെ തീരുമാനം.